HONOURABLE MR. A. THANU PILLAI : I oppose it.

MR. ABDUL AZIZ : ഇതേ മെമ്പർ തന്നെ ഇന്നലെ പല അടിയന്തിര പ്രമേയങ്ങളും നയച്ചതു് വാദപ്രതിവാദങ്ങൾക്കിന്ന് അനുവദിച്ചു. അതിന്റെ കാര്യകാരണം അച്ചടിച്ചു് വിതരണം ചെയ്തു് ഈ സഭയിൽ വാദപ്രതിവാദത്തിന് തയ്യാറായ അവസരത്തിൽ അവതരിപ്പിക്കുന്നില്ലെന്നു് പറഞ്ഞു പിൻവലിച്ച അതേ മെമ്പർ തന്നെയാണു് ഈ പ്രമേയവും അവതരിപ്പിച്ചിരിക്കുന്നതു്. അവതരിപ്പിച്ചശേഷം മുഴം പിൻവലിക്കാൻ അദ്ദേഹം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആ വിവരം നേരത്തേ പറയുന്നതു് പ്രയോജനകരമായിരിക്കും.

MR. PRESIDENT : അങ്ങനെ ചോദിക്കുന്നതിനു് അദ്ധ്യക്ഷന് അധികാരമില്ല. ഈ പ്രമേയം ആലോചനയ്ക്കു് എടുത്തശേഷം പ്രമേയം പിൻവലിക്കുന്നുവെന്നു് പറഞ്ഞതു് വളരെ നിർഭാഗ്യകരമായിപ്പോയി എന്നു പറയാതിരിക്കാൻ എനിക്കു നിവൃത്തിയില്ല. ഈ പ്രമേയം വാദപ്രതിവാദത്തിനു വരുമ്പോൾ പിൻവലിക്കുമോയെന്നു് ചോദിക്കുന്നതിന് അദ്ധ്യക്ഷന് അധികാരമോ അവകാശമോ ഇല്ല. അതു് എടുക്കുന്ന അവസരത്തിൽ അതിനെക്കുറിച്ചു് അദ്ധ്യക്ഷൻ ഒരു പ്രസ്താവന ചെയ്യുന്നതാണു്.

ഈ പ്രമേയത്തെ അനുകൂലിക്കുന്നവർ എഴുന്നേല്ക്കണം.

ഫൻ പേർ മാത്രമേ ഇതിനെ അനുകൂലിക്കുന്നുള്ളൂ എന്ന കാരണത്താൽ ഇതു തള്ളിയിരിക്കുന്നു.

ANNOUNCEMENT RE: ELECTION TO THE UNIVERSITY SENATE.

അടുത്തതു് യൂണിവേഴ്സിറ്റി സെനറ്റിലേക്കു് മൂന്നു മെമ്പറന്മാരെ തെരഞ്ഞെടുക്കുകയെന്നുള്ളതാണു്. അതു സംബന്ധിച്ചു് ഒരു പ്രസ്താവന ചെയ്യുവാൻ ഞാൻ ഉദ്ദേശിക്കുന്നു. തിരുവിതാംകൂർ യൂണിവേഴ്സിറ്റി ആക്ടു് ഫർ-ാംസെക്ഷൻ അനുസരിച്ചു് യൂണിവേഴ്സിറ്റി സെനറ്റിലേക്കു ശ്രീമൂലം അസംബ്ലിയിൽനിന്നു് മൂന്നും ശ്രീചിത്രാ സ്റ്റേറ്റുകൌൺസിലിൽനിന്നു് രണ്ടും മെമ്പറന്മാരെ അയയ്ക്കുണമെന്ന വ്യവസ്ഥയുണ്ടു്. ഈ വ്യവസ്ഥയനുസരിച്ചു് ശ്രീമൂലം അസംബ്ലിയുടെ സ്ഥാനത്തു് വന്നിട്ടുള്ള തിരുവിതാംകൂർ ലജിസ്ലേറ്റീവു് അസംബ്ലിയിൽനിന്നു് മൂന്നു മെമ്പറന്മാരെ സെനറ്റിലേക്കു് തെരഞ്ഞെടുക്കണമെന്നു് വിവരിച്ചു് യൂണിവേഴ്സിറ്റി രജിസ്ട്രാർ എന്റെ പേർക്കു് ഫർവ്വേ മേ-ാംനു- ഒരു കത്തു് നയച്ചിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു് മീഗൽ റിമംബ്രൻസറുടെ അഭിപ്രായം ആരായുകയും അങ്ങനെ തെരഞ്ഞെടുക്കുന്നതിനു് വേണ്ട നടപടി നടത്തണമെന്നു് അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്തു. അതിനുശേഷം ഏതു വിധത്തിലാണു്

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പു നടത്തേണ്ടതു് എന്നുള്ളതിനെപ്പറ്റി പ്രസിഡൻറിനുള്ള അധികാരം ഉപയോഗിച്ചു് ഒരു നോട്ടിഫിക്കേഷൻ ഗസറ്റിൽ പരസ്യംചെയ്തു. അതിനുശേഷം ഈ വിവരം ഒരു നോട്ടീസ്സായി എല്ലാ മെമ്പറന്മാർക്കു് അയയ്ക്കുകയും ചെയ്തു. അതു് മേ ൨൧-ാംനു-യാണു്. മേ ൨൯-ാംനു- രജിസ്ട്രാറിൽനിന്നു് ഒരു കത്തു കിട്ടി. അതിൽ പറഞ്ഞിരിക്കുന്നതു് മേ ൨-ാംനു- രജിസ്ട്രാർ അയച്ച കത്തു് അഡ്വൊക്കേറ്റ് ജനറലിന്റെ അഭിപ്രായം അറിഞ്ഞതിനുശേഷം അതെന്നും ഇപ്പോഴത്തെ ലജിസ്ലേറ്റീവ് അസംബ്ലി തിരുവിതാംകൂർ ശ്രീമൂലം അസംബ്ളിയുടെ സ്ഥാനത്തു കരുതാവുന്നതല്ലെന്നും അതുകൊണ്ടു് ഈ അസംബ്ളിയിൽനിന്നു് മൂന്നുപേരെ തെരഞ്ഞെടുത്തു് അയയ്ക്കണമെന്നാണു് അഡ്വൊക്കേറ്റ് ജനറൽ രജിസ്ട്രാരെ ഉപദേശിച്ചിരിക്കുന്നതു്, എന്നാണു്. ഇപ്പോൾ അയച്ച എഴുത്തിൽ പറഞ്ഞിരിക്കുന്നതു് ആ അഭിപ്രായത്തോടു യൂണിവേഴ്സിറ്റി വൈസ്-ചാൻസലർ അനുകൂലിക്കുന്നില്ലെന്നും യൂണിവേഴ്സിറ്റി അക്ടിൽ പറഞ്ഞിരിക്കുന്നതു് ശ്രീമൂലം അസംബ്ളിയാണെന്നും ഈ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് അസംബ്ളി ആയതിനാൽ തെരഞ്ഞെടുപ്പു നടത്തേണ്ടാ എന്നുമാണു്. ആ എഴുത്തുകൂടി ഞാൻ സഭയുടെ അറിവിനായി ഇവിടെ വായിക്കാമെന്നു വിചാരിക്കുന്നു.

Copy of letter R. O. C. No. 4400/48 dated the 22nd May 1948 from the Registrar, University of Travancore to the President, Legislative Assembly.

"Kindly refer to my letter R. O. C. No. 4400/48 dated 7th May 1948 regarding election of members to the Senate from the Representative Body.

My letter was based on the advice received from the Advocate General who was consulted by me as to whether the Senate may have representatives from the new Representative Body which, under the Interim Constitution Act, is to function as the Legislative Assembly. In reply to my reference the Advocate General stated that "the Representative Body may be construed to have succeeded the Sri Mulam Assembly and three members may be elected from the Legislative Assembly. As there is no Body corresponding to the Council, no election can be made and the two seats allotted to the Council will remain vacant."

On further consideration of the matter and scrutiny of the provisions of the University Act, the Vice-Chancellor is of the view that, under Section 14 (a) (ix) and (x) only the Sri Mulam Assembly and the Sri Chitra State Council could elect representatives to the Senate, and that these two Bodies having been dissolved by a legal enactment, no other Body can exercise the statutory

LIBRARY ARCHIVES Kerala Legislative Assembly

[Mr. President.]

powers of the Sri Mulam Assembly and Sri Chitra State Council conferred upon these two Bodies alone by the University Act. This Act does not contemplate the inheritance by any other Body of the power of election to the Senate. The Vice-Chancellor is further of opinion that before any other Body can elect representatives to the Senate, it will be necessary to have sub sections (ix) and (x) of Section 14 (a) of the University Act suitably amended and as regards this amendment, the Vice-Chancellor considers that it is desirable to wait until the new constitution of the Legislature has been decided upon, and it is known whether there will be two Houses or only one and what names they will have.

Having regard to the circumstances set forth above I am directed to say that no election need be conducted at present and that no action need be taken on my previous letter"

ഇതിനശേഷം ഇതിനെ സംബന്ധിച്ച് ലീഗൽ റിമംബ്രൻസറുടെ അഭിപ്രായം ഞാൻ ആരാഞ്ഞു. അദ്ദേഹത്തിന്റെ അഭിപ്രായം ഇലക്ഷൻ നടത്താൻ നിയമപ്രകാരം അവകാശമുണ്ടെന്നാണ്. ജനറൽ ക്ലാസസ്സ് അക്കറിൽ സെക്ഷൻ ഫൈവ് അനുസരിച്ച് ഈ അസംബ്ലിയെ ശ്രീമൂലം അസംബ്ലിക്ക പകരമായി കരുതാം എന്നും അതുകൊണ്ട് ഇലക്ഷൻ നടത്താമെന്നുമാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഈ സഭ തന്നെ അതു തീരുമാനിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

MR. P. BALAKRISHNAN THAMPI (*Mavelikara III—General*): The Vice-Chancellor has pointed out, that some verbal amendment to the University Act, is necessary. I think we must avoid any conflict or any show of conflict between the University and this House, by referring this matter back to the University to see whether the Vice-Chancellor cannot approach His Highness the Chancellor to bring about the necessary amendment to the University Act. According to the sub-sections (ix) and (x) of the Section 14 (a) of the university Act, three members from the Sri Mulam Assembly and two members from the Sri Chitra State Council can be elected to the Senate. The question now is whether this Representive Body has the power to elect members to the Senate as the other two Houses are now dissolved.

Now, suppose this House decides that it has the power and uses that power, then you will have, something like the proceedings similar to Section 145 of the Criminal Procedure Code in respect of the Senate elections. Suppose we elect 3 members and send them on to the University and suppose Mr. Papworth chooses to stand at the door refusing them admission to our members to the Senate hall. I only wish to say that it is beneath the dignity of the House that we should reduce ourselves to the position when our representatives may not be given the reception that they deserve in the Senate.

LIBRARY ARCHIVES Kerala Legislative Assembly

Another point that I wish to bring to your notice is that this is not a statutory right possessed by this House as such, and therefore any insistence upon an election is also out of the question. This arises out of the University Act and as such it does not in the remotest degree affect the status or dignity of this House.

Thirdly, I do not wish to enter into a discussion on the merits of the legal question because the legal luminaries have given legal advice—the Advocate-General, the Vice-Chancellor and the Legal Remembrancer who are all very learned and I do not know who is the most learned in law among these three. I do not want to enter the lists as the fourth interpreter of the Constitution-the interpretation is patently wrong in one respect in the sense that they all have unnecessarily reduced the number of members to be chosen from the Legislature. According to the University Act provision is made for five representatives of the Legislature. I do not know the reason why the Legal Remembrancer, Advocate General and the Vice Chancellor have taken the view preferring the defunct Sri Mulam Assembly to the defunct Sri Chitra State Council. The point is that 5 representatives of the Legislature should be sent to the Senate. As I understand it, the Legislative Assembly is the inheritor not only of the Sri Mulam Assembly but also of the Sri Chitra State Council. But I am myself conscious that this question does not strictly arise on a consideration whether we should hold the elections now and here. From a purely legal point of view, I think the stand taken by the Vice-Chancellor is correct; and the thing we can get done without any difficulty through the Education Minister or the Vice-Chancellor. Why should we court trouble by holding elections now?

Another awkward matter arises—the quality of legal advice that is available to the Government. I sympathise with this Government particularly about the quality and variety of legal advice they get. (Laughter.)

MR. K. R. ELANKATH : ഞാൻ മി. തമ്പിയുടെ അഭിപ്രായത്തോട് വിയോജിക്കുന്നു. അദ്ദേഹം പറഞ്ഞു, യൂണിവേഴ്സിറ്റി ആക്റ്റ് ഭേദഗതി ചെയ്യുന്നതുവരെ നമുക്ക് പ്രതിനിധികളെ തെരഞ്ഞെടുക്കാൻ അവകാശമില്ലെന്ന്. യൂണിവേഴ്സിറ്റി ആക്ടിന്റെ ഉദ്ദേശം ശ്രീമൂലം അസംബ്ലിയിൽനിന്ന് മൂന്നുപേരെയും ശ്രീചിത്രാ സ്റ്റേറ്റുകൌൺസിലിൽനിന്ന് രണ്ടുപേരെയും തെരഞ്ഞെടുക്കണമെന്നാണ്. അതായത് ജനപ്രതിനിസഭയിലെ അഞ്ചംഗങ്ങളും ഉണ്ടായിരിക്കണമെന്നാണ് അതിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വെറും വാക്കിന്റെ അർത്ഥം മാത്രമല്ല അതിനുള്ളത്. മൂന്നുപേരെ തെരഞ്ഞെടുക്കാൻ ആണ് അവകാശം എന്നു ലീഗൽ റിമംബ്രൻസർ അഭിപ്രായപ്പെട്ടിട്ടുള്ളത് വാസ്തവത്തിൽ വിചിത്രകരം തന്നെയാണ്. ഈ നിയമസഭ ശ്രീമൂലം അസംബ്ലിയുടെ മാത്രമല്ല ശ്രീചിത്തിര സ്റ്റേറ്റുകൌൺസിലിന്റെയും പ്രതി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Elankath]

നിധ്യം വഹിക്കുന്നു. മുമ്പ് നിയമസഭയ്ക്ക് രണ്ട് മണ്ഡലങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഒരു മണ്ഡലം മാത്രമേയുള്ളൂ. അതുകൊണ്ട് അഞ്ചുപ്രതിനിധികളെ അയയ്ക്കുന്നതിനുള്ള അവകാശം ഈ സഭയ്ക്കുള്ളതാണ്. അതിനെ ചോദ്യം ചെയ്യാൻ ഇന്നത്തെ യൂണിവേഴ്സിറ്റി അധികൃതർക്ക് അധികാരമോ അവകാശമോ ഇല്ല. യൂണിവേഴ്സിറ്റിയെ കവിഞ്ഞുള്ള അധികാരം നമുക്കും മിനിസ്ട്രിക്കും ഉണ്ട് എന്ന് യാതൊരു ഉദ്ദേശവും ആരോപിക്കാതെതന്നെ എനിക്കു പറയാൻ കഴിയും. ഈ സഭയിൽനിന്ന് പ്രതിനിധികളെ തെരഞ്ഞെടുത്തയയ്ക്കുന്നതിനെ അവർ ചോദ്യം ചെയ്യുന്നത് അവക്കിഷ്ടമില്ലാത്ത നടപടികൾ ഈ പ്രതിനിധി സഭാംഗങ്ങൾ കൈക്കൊള്ളുമോ എന്ന ഭീതി കൊണ്ടായിരിക്കണം. പ്രീ യൂണിവേഴ്സിറ്റി വിദ്യാഭ്യാസഏർപ്പാടിനെക്കുറിച്ച് ഈ സഭയ്ക്ക് എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അക്കാരണത്തെ മനസ്സിൽ വച്ചുകൊണ്ട് എന്തെങ്കിലും സാങ്കേതികതടസ്സങ്ങൾ യൂണിവേഴ്സിറ്റി അധികൃതർ പുറപ്പെടുവിച്ചാൽ അതിന് നാം തലകുനിച്ചു വിധേയരാകുന്നതു തീർച്ചയായും അഭിമാനകരമല്ല. മന്ത്രിസഭയ്ക്കും ജനപ്രതിനിധിസഭയ്ക്കും രാജ്യകാര്യസംബന്ധമായ എല്ലാ വിഷയങ്ങളിലും എല്ലാ അവകാശങ്ങളും ഉണ്ട്. യൂണിവേഴ്സിറ്റി ഒരു "Self Governing Body" ആണെന്ന് കരുതിയാൽ തന്നെയും അതിന്റെ നടത്തിപ്പു സംബന്ധിച്ച് ഗവണ്മെന്റിനു തീർച്ചയായും നിയന്ത്രണം ഉണ്ട്. വിദ്യാഭ്യാസത്തിൽ നമുക്കു ശ്രേയസ്കരമായ അഭിവൃദ്ധിയുണ്ടാക്കുവാനും എല്ലാ തുറകളേയും ഒന്നുപോലെ നിയന്ത്രിക്കാനുമുള്ള അവകാശം ഗവണ്മെന്റിനുള്ളതാണ്. ഈ സഭയിൽനിന്നും പ്രതിനിധികളെ തെരഞ്ഞെടുത്തയച്ചാൽ അവർ സെനറ്റിൽ ഇരിക്കുകതന്നെ ചെയ്യും മി. തമ്പിയെപ്പോലെ എനിക്ക് ഈ കാര്യത്തിൽ തീരെ സംശയമോ ഭീതിയോ ഇല്ല. അതിന് തടസ്സമുണ്ടാകുന്നപക്ഷം ഗവണ്മെൻറ് യൂണിവേഴ്സിറ്റിയുമായി ഇതു സംബന്ധിച്ച് ഒരു യുദ്ധമുണ്ടാകണം. അതിൽ ഗവണ്മെൻറ് തീർച്ചയായും ജയിക്കുമെന്നതിന് സംശയമില്ല. അതുകൊണ്ട് ആ ഭയം മാറ്റി നമ്മുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നകൃത്യം നിറവേറ്റുകതന്നെ വേണം. അതു നമ്മുടെ അവകാശമാണ്.

MR. ABDUL AZIZ : ഗവണ്മെൻറും യൂണിവേഴ്സിറ്റിയും തമ്മിൽ മത്സരം ഉണ്ടെന്നാണോ മെമ്പർ പറയുന്നത്.

MR. K. R. ELANKATH : ആ ഭീതികൊണ്ടാണോയെന്ന ഞാൻ സംശയിക്കുന്നു. പ്രതിനിധികളെ തെരഞ്ഞെടുക്കുകയെന്നതു നമ്മുടെ അവകാശമാണ്,

LIBRARY ARCHIVES Kerala Legislative Assembly

MR. CHERIYAN J. KAPPAN (*Meenachil III—General*) : അംഗങ്ങളെ തെരഞ്ഞെടുത്തു് അയയ്ക്കുന്നതിനു് ഈ സഭയ്ക്കു് ഇപ്പോൾ അധികാരമുണ്ടോ എന്നു് ഒരു റൂളിംഗ് ആവശ്യമുണ്ടു്.

MR. PRESIDENT : അതുതന്നെയാണു് നിങ്ങൾ തീരുമാനിക്കണമെന്നു് ഞാൻ പറഞ്ഞതു്.

MR. SREE V. DAS (*Kalkulam I—Hindu Nadar Resarved*) :

இது விஷயமாக நமது கல்விமந்திரியவர்களுடைய அபிப்பிராயத்தை அறியவிரும்புகிறேன். அவர்கள் தருந்த விடையளிப்பார்களா?

MR. K. R. ELANKATH : നമുക്കു് ഓരോരുത്തർക്കും അഭിപ്രായം പറയാൻ അവകാശമുണ്ടു്. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ അഭിപ്രായം പറയാം.

MR. G. RAMACHANDRAN : വളരെ വിഷമമുള്ള ഒരു സംഗതിയാണു് അങ്ങുതന്നെ ഞങ്ങളെ ഏല്പിച്ചിരിക്കുന്നതു്. എന്തെന്നുവച്ചാൽ അതി പ്രധാനമായ ഈ സംഗതി വായിച്ചതിനുശേഷം ഈ കാര്യം സഭ തന്നെ തീരുമാനിക്കണമെന്നു് സഭയോടു അങ്ങു് ആവശ്യപ്പെട്ട. എനിക്കു ചോദിക്കാനുള്ളതു സഭയ്ക്കു ഇതു തീരുമാനിക്കുന്നതിനു അധികാരമുണ്ടോ. ഉണ്ടെങ്കിൽ നിശ്ചയമായും നമുക്കു തീരുമാനിക്കാം. പക്ഷേ സഭയ്ക്കു് തീരുമാനിക്കുന്നതിനു അധികാരമുണ്ടോയെന്നു വ്യക്തമാക്കണം. ലീഗൽ റിമംബ്രൻസറും അഡ്വാക്കേറ്റ്ജനറലും ഒരേ അഭിപ്രായം പറഞ്ഞിരിക്കുന്നു. അതുപോലെ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സമയത്തു് നെങ്കിൽ ഒരു തീരുമാനമുണ്ടാക്കുന്നതിനു് അധികാരമുണ്ടെന്നു് അങ്ങു വ്യക്തമാക്കണം. അതിനുശേഷം നമുക്കു ഫലപ്രദമായ ചർച്ചകൾ ചെയ്യാൻ കഴിയും; അല്ലെങ്കിൽ അതു് നാം തീരുമാനിച്ചാൽ നടക്കാത്ത ഒരു തീരുമാനമായി വരും. അതു സഭയുടെ സൽപ്പേരിനു നന്നല്ല.

MR. PRESIDENT : എനിക്കു് ഇതേപ്പറ്റി ഒന്നും പറയാനില്ല. സഭ തന്നെ ഇതു തീരുമാനിക്കണമെന്നാണു് എന്റെ റൂളിംഗ്.

MR. A. P. UDAYABHANU : Is it not a question of law whether we have not got a right to send representatives ?

MR. P. BALAKRISHNAN THAMPI : May I suggest that this matter may be referred to the Law Officers because it is only now that the Vice-Chancellor says that elections could not be held ? In the face of the Vice-Chancellor's letter that election need not be held, it is for consideration whether it would be legal for us to hold the election.

MR. PRESIDENT : അതുതന്നെയാണു് വളരെ നേരത്തേ പ്രസ്താവിച്ചതു്. ഞാൻ ലീഗൽ റിമംബ്രൻസറോടു് അതേക്കുറിച്ചു് അഭിപ്രായം ആരായുകയും അദ്ദേഹം രേഖാമൂലം ഇലക്ഷൻ നടത്തുന്നതിൽ വിരോധം ഇല്ലെന്നു സെക്ഷൻ കൊട്ടച്ചെയ്തു് അറിയിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW : ഇതു് ഈ സഭയ്ക്കു് എടുക്കാൻ സാധിക്കുമെന്നു് രജിസ്ട്രാർ അവർകൾ ഒരു എഴുത്തയച്ചു. പ്രസിഡൻറു് അതനുസരിച്ചു് അതു് അജൻഡായിൽ ഉൾപ്പെടുത്തി. അതിനുശേഷം മറ്റൊരു കത്തയച്ചു, അതു പാടില്ലെന്നും. ഇതിനു് അവക്കു് അധികാരമുണ്ടോയെന്നു് അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : യൂണിവേഴ്സിറ്റി ആക്ടിലെ 17–ാംവകുപ്പിൽ പറഞ്ഞിരിക്കുന്നതു് "The election of members of the Senate by the members of the Sri Mulam Assembly and Sri Chitra State Council shall be conducted in accordance with the rule framed in this behalf by the President of the Sri Mulam Assembly or the Sri Chitra State Council as the case may be." അതുകൊണ്ടു് ആ കാര്യത്തെപ്പറ്റി ഈ സഭ തന്നെയാണു തീരുമാനിക്കേണ്ടതു്. ഇവിടെ വായിച്ച വ്യവസ്ഥയനുസരിച്ചു് മുന്നു പ്രതിനിധികളെ യൂണിവേഴ്സിറ്റിയിലേക്കു തിരഞ്ഞെടുത്തു അയയ്ക്കണമെന്നു് അതിൽ എഴുതി അയച്ചതു് നിയമസഭ എന്ന നിലയ്ക്കാണു്. എന്നാൽ സ്റ്റാറ്റ്യൂട്ടറി പ്രൊവിഷൻ അതിലേക്കു അനുവദനീയമാണോ എന്ന കാര്യത്തിൽ സംശയം തോന്നിയിട്ടുണ്ടാവാം. ഏതായാലും യൂണിവേഴ്സിറ്റി രജിസ്ട്രാരുടെ എഴുത്തനുസരിച്ചു തിരഞ്ഞെടുപ്പു വേണമെന്നു നിശ്ചയിച്ചു. ഇതു് അഫിഷ്യൽ ബിസിനസായി അജൻഡായിൽ ചേർക്കുകയും ചെയ്തു. ഇപ്പോൾ അങ്ങനെ തിരഞ്ഞെടുപ്പു നടത്തേണ്ട ആവശ്യമില്ലെന്നു വീണ്ടും എഴുതിവന്നിരിക്കുന്നു. അങ്ങനെ എഴുതാൻ അവക്കധികാരമുണ്ടോ എന്നും, ഏതു നടപടിയാണു് നാം ഇവിടെ സ്വീകരിക്കേണ്ടതെന്നും മറ്റും ഈ സഭതന്നെ ഇവിടെ ആലോചിച്ചു തീരുമാനിക്കേണ്ട കാര്യങ്ങളാണു്.

MR. JOSEPH MALIEACKAL : യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ഈ മാതിരി കുഴപ്പങ്ങളാണു കാണുന്നതുകൊണ്ടു യൂണിവേഴ്സിറ്റിചട്ടങ്ങളൊന്നുതന്നെ ഭേദഗതി ചെയ്യാൻ നമുക്കധികാരമില്ലേ?

MR. PRESIDENT : യൂണിവേഴ്സിറ്റി ആക്ടുതന്നെ ഭേദഗതി ചെയ്യേണ്ടിവരും.

HONBLE MR. A. THANU PILLAI : യൂണിവേഴ്സിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പു ഒരു അഫിഷ്യൽ ബിസിനസ്സായിട്ടാണു് ഇവിടെ വച്ചിരിക്കുന്നതു്. ഈ വിഷയം അജൻഡയിൽ ഉൾപ്പെടുത്തിയതു യൂണിവേഴ്സിറ്റിയുടെ ആവശ്യപ്രകാരം ആണോ, അതോ ഇവിടെനിന്നും യൂണിവേഴ്സിറ്റിയോടു് ആവശ്യപ്പെട്ടിട്ടു് അതനുസരിച്ചാണോ എന്നു എനിക്കതന്നെ നിശ്ചയമില്ല. ഇപ്പോൾ ഇവിടെ യൂണിവേഴ്സിറ്റി രജിസ്ട്രാർ പ്രസിഡൻറിനയച്ച എഴുത്തിനെ അടിസ്ഥാനമാക്കി, ആ വിഷയം എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഒരു ദിവസം വയ്ക്കേണ്ടതായി വരും. അങ്ങനെയാണെങ്കിൽ അതു നാൻ അഫിഷ്യൽ ബിസിനസ്സായി വയ്ക്കേണ്ടതില്ല. അതുകൊണ്ട് അഫിഷ്യൽ ദിവസത്തിൽ തന്നെ അതുകൂടെ എന്നു നിശ്ചയിച്ചതാകാനും മതി. എന്തായാലും ഈ കാര്യത്തിൽ ഗവണ്മെൻറിന് യാതൊരറിവുമില്ല. മി. ബാലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റിയും ഈ സഭയുമായി യാതൊരഭിപ്രായക്കുഴപ്പവും ഉണ്ടാക്കേണ്ട ആവശ്യമില്ല. എന്താണ് ഇതിന്റെ നില. യൂണിവേഴ്സിറ്റിയുടെ ആവശ്യപ്രകാരം നാം പ്രതിനിധികളെ തിരഞ്ഞെടുത്തയയ്ക്കുകയാണോ വേണ്ടത് അതോ നമ്മുടെ ഒരവകാശമായിട്ട് ഏതാനും പ്രതിനിധികളെ ഇവിടെനിന്നും തിരഞ്ഞെടുത്ത് അവിടെ അയച്ച് അവർക്ക് അവിടെ ഒരു സ്ഥാനം കൊടുപ്പിക്കുകയാണോ വേണ്ടത് എന്നും മറ്റുമുള്ള അതിപ്രധാനമായ പ്രശ്നങ്ങളും നമുക്കാലോചിക്കേണ്ടതായുണ്ട്. ഈ വിഷയത്തെപ്പറ്റി ഗവണ്മെൻറിനു യാതൊരു മുന്നറിവുമില്ല. അതുകൊണ്ട് എനിക്കു തോന്നുന്നത് ഇതേപ്പറ്റിയുള്ള ആലോചന തൽക്കാലം "മാറിവയ്ക്കണമെന്നാണ്". തല്ക്കാലം മറന്നാളത്തേക്ക് ഇതു മാറിവയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. SREE V. DAS : இந்த விஷயமாக நமது கல்விமந்திரியவர்களுடைய அபிப்பிராயத்தை அறிய விரும்புகிறேன். அவர்கள் இந்த விஷயமாக சொல்வார்களென்று நினைக்கிறேன்.

HON'BLE MR. A THANU PILLAI : എന്നാൽ അതു നാളത്തേക്കു മാറ്റിവച്ചാൽ കൊള്ളാം.

MR. V. GANGADHARAN NAIR : അജൻറായിൽ ഈ ബിസിനസ്സുകളെല്ലാം ഉൾപ്പെടുത്തുന്നതു ഗവണ്മെൻറ് അറിയാതെയാണോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. A. THANU PILLAI : എന്നല്ലല്ലോ ഈ പറഞ്ഞതിന്റെ അർത്ഥം. യൂണിവേഴ്സിറ്റി രജിസ്ട്രാരും പ്രസിഡൻറും തമ്മിലുള്ള എഴുത്തുകുത്തുകൾ ഗവണ്മെൻറ് അറിഞ്ഞിരുന്നില്ല. ഈ കുഴപ്പങ്ങളെപ്പറ്റി ഗവണ്മെൻറിനു നേരത്തേ അറിവുണ്ടായിരുന്നുമില്ല.

MR. P. K. KUNJU : ഇവിടെ വായിച്ച എഴുത്തുകളെപ്പറ്റി ഗവണ്മെൻറിനു യാതൊരു വിവരവും ഇല്ലെന്നാണോ പറയുന്നത്?

HON'BLE MR. A. THANU PILLAI : ഇല്ല.

MR. K. A. MUHAMMED : മുൻപ് ശ്രീമൂലംഅസംബ്ലിയിൽനിന്നും മുന്നും, കൗൺസിലിൽനിന്നും രണ്ടും ഇങ്ങനെ അഞ്ചുപേരെയാണു തിരഞ്ഞെടുക്കുന്നത്. എന്നാൽ ഇപ്പോൾ മൂന്നുപേരെ മാത്രമേ ഈ സഭയിൽനിന്നു തിരഞ്ഞെടുത്തയയ്ക്കുവാൻ യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടിട്ടുള്ളൂ. അഞ്ചുപേരെ തിരഞ്ഞെടുത്തയയ്ക്കുവാൻ ഈ സഭയ്ക്കു അവകാശമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. GANGADHARA MENON : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ കാര്യം നാളത്തേക്ക് മാറ്റിവയ്ക്കണമെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. അതു സംബന്ധിച്ച സഭയുടെ തീരുമാനമാണ് ആദ്യം അറിയേണ്ടത്.

MR. PRESIDENT : അതേ. ആ കാര്യം ആദ്യമേ തീരുമാനിച്ചതിനു ശേഷം മി. മഹമ്മദ് പറഞ്ഞ കാര്യത്തെപ്പറ്റി ആലോചിക്കാവുന്നതാണ്.

ഈ കാര്യം നാളത്തേക്ക് മാറ്റിവയ്ക്കണമെന്നു ഈ സഭയ്ക്ക് അഭിപ്രായമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. (എല്ലാവരും അനുകൂലിച്ചു.) ഈ കാര്യം നാളത്തേക്ക് മാറ്റിവച്ചിരിക്കുന്നു.

PAY AND ALLOWANCE TO MINISTERS

HON'BLE MR. A. THANU PILLAI : ഈ സഭയുടെ പരിഗണനയ്ക്കായി താഴെ പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

I. The Ministers shall be paid a salary of Rs. 750 each per mensem.

Each Minister shall be provided with free furnished quarters or a house rent allowance of Rs. 150 per mensem in lieu thereof and a car maintained at Government cost.

Each Minister shall be given travelling allowance at the following rates for the journeys performed by him in the discharge of his official duties:—

Journeys by rail	...	Double first class.
Journeys by road	...	21 chs. per mile.
Journeys by plane	...	Single plane fare plus daily allowance.
Daily allywance	...	Rs. 15.

Provided however that when Government conveyances are used, he shall be entitled only to daily allowance at the above rate for each day of such journey within the State and that for journeys outside the State he shall be paid the actual expenses incurred by him instead of daily allowance.

II. The President and the Deputy President of the Legislative Assembly shall be paid salaries at Rs. 750 and Rs. 350 per mensem respectively.

The President of the Legislative Assembly shall be provided with free furnished quarters or a house rent allowance of Rs. 150 per mensem in lieu thereof and a motor car maintained at Government cost.

LIBRARY ARCHIVES Kerala Legislative Assembly